പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2339 14.06.2019 ലെ മറുപടിക്ക്

**കയർ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ കോർപ്പറേഷനും കയർഫെഡും സഹകരണ സംഘങ്ങളിൽ നിന്ന് സംഭരിക്കുന്ന കയറുല്പന്നങ്ങൾ വിൽക്കാതെ കെട്ടിക്കിടക്കുന്നുവെന്നത് വസ്തുതയാണോ;എങ്കിൽ എത്ര കോടി രൂപയുടെ കയറുല്പന്നങ്ങളാണ് ഇപ്രകാരം കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ; | എ) കയർഫെഡിൽ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നില്ല. കേവലം ഒരു കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ മാത്രമാണ് കയർഫെഡിന്റെ സെൻട്രൽ സ്റ്റോറിൽ സ്റ്റോക്ക് ചെയ്തിട്ടുള്ളത്. 2016-17 കാലയളവ് മുതൽ ഇന്നുവരെ 351.17 കോടി രൂപയുടെ കയർ ഉല്പന്നങ്ങളാണ് വിവിധ കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർ കോർപ്പറേഷൻ സംഭരിച്ചുവച്ചത്. ഇതു വിപണനം നടത്തിയതിനു ശേഷം 27 കോടി രൂപയുടെ ഉല്പന്നങ്ങൾ മാത്രമാണ് കയർ കോർപ്പറേഷനിൽ ബാക്കിയുള്ളത്. |
| ബി) ഇതിനുള്ള കാരണമെന്താണെന്നും വിദേശ, ആഭ്യന്തര വിപണികൾ നേരിട്ട് കണ്ടെത്തുവാൻ കയർ കോർപ്പറേഷൻ പരാജയപ്പെട്ടത് എത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കാമോ; | ബി) കയർ മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾക്ക് വർഷത്തിൽ ചുരുങ്ങിയത് 200 ദിവസമെങ്കിലും തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തണമെന്നുള്ള സർക്കാരിന്റെ നയതീരുമാനപ്രകാരമാണ് ഇത്രയും രൂപയുടെ കയർ ഉല്പന്നങ്ങൾ വിവിധ സഹകരണ സംഘങ്ങളിൽ നിന്നും സംഭരിച്ച വച്ചിരിക്കുന്നത്. വിദേശ ആഭ്യന്തര വിപണിയിൽ വൻമുന്നേറ്റമാണ് നിലവിൽ കയർ കോർപ്പറേഷൻ കാഴ്ച വച്ചിരിക്കുന്നത്. നിലവിൽ സംഭരിച്ചിരിക്കുന്ന ഉല്പന്നങ്ങളും വിപണനം ചെയ്യാനുള്ള എല്ലാ നടപടികളും കയർ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. |
| സി) പ്രളയത്തിന് ശേഷം കയർ കോർപ്പറേഷന് വിദേശ ഓർഡർ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ എന്ന് അറിയിക്കാമോ; | സി) പ്രളയാനന്തരം 9.45 കോടി രൂപയുടെ വിദേശ ഓർഡർ കയർ കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്. |
| ഡി) കോടിക്കണക്കിന് രൂപയുടെ കയർ ഭൂവസ്ത്രം സർക്കാർ പദ്ധതികളിൽ ഉപയോഗിക്കാത്തതിനാൽ കെട്ടിക്കിടക്കുന്ന | ഡി) കയർഫെഡ് കയർ ഭൂവസ്ത്രം സ്റ്റോക്ക് ചെയ്തിട്ടേയില്ല. എന്നാൽ ഈ സർക്കാർ |

| | |
|---|---|
| അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | അധികാരത്തിൽ വന്നതിനുശേഷം നാളിതേവരെ 11,27,553 സ്ക്വ.മീ കയർ ഉല്പന്നങ്ങൾ കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നിലവിൽ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പഞ്ചായത്തുകൾ തോറും കയർ ഭൂവസ്ത്രങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്. കെട്ടിക്കിടക്കുന്ന അവസ്ഥ ഇതു വരെ ഉണ്ടായിട്ടില്ല. |
| ഇ) കയർ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം മറികടക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | ഇ) കയർ ഉൽപ്പന്ന സംഭരണത്തിൽ മുൻ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് 58 ശതമാനവും കയർ സംഭരണത്തിൽ 100.03 ശതമാനവും വർദ്ധനവാണ് എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൈവരിച്ചത്. കയർ മേഖലയുടെ അടിസ്ഥാന പ്രശ്നമായ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ നേട്ടവും ഇക്കാലത്ത് കൈവരിച്ചിട്ടുണ്ട്. കയർ മേഖലയിൽ ഉണ്ടായിട്ടുള്ള ഉണർവ്വിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വ്യവസയത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നിരവധി നടപടിയും കൈക്കൊണ്ടു വരുന്നുണ്ട്. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ ക്രോഡീകരിക്കുന്നതിനും കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉൽപ്പന്ന നിർമാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുന്നതിനും കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസെൻറീവുകൾ നൽകുന്നതിനും ക്രയവില സ്ഥിരതാ പദ്ധതി വഴി വിഭാവനം ചെയ്യുന്നു.<br>ആഗോള കയറ്റുമതി മേഖലയിൽ മുൻകാലങ്ങളിലുണ്ടായിരുന്ന മാന്ദ്യത നല്ലരീതിയിൽ പരിഹരിക്കുവാനും തുടർന്നുള്ള കാലയളവിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാനും ധാരാളം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ ഹോളണ്ട്, ഫ്രാൻസ്, യുഎസ്എ, നെതർലാൻറ് എന്നീ രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ആഗോള വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുകയും വിദേശ ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കയർ ഭൂവസ്ത്ര പ്രവർത്തനം ശക്തിപ്പെടുത്തുവാൻ കയർ വകുപ്പിന്റെ നേതൃത്വത്തിൽ കയർ ഭൂവസ്ത്ര പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് (എം.എൻ.ആർ.ഇ.ജി.എസ്) പദ്ധതി പ്രകാരം കയർ ഭൂവസ്ത്രങ്ങൾ വൻതോതിൽ |

| | |
|---|---|
| | ഉപയോഗിച്ചുവരുന്നു. നിലവിൽ കയർ കോർപ്പറേഷന്റെ കീഴിൽ കൊല്ലം മുതൽ പാലക്കാട് വരെയുള്ള (കോട്ടയം ഒഴികെ) 7 ജില്ലകളിലാണ് പ്രവർത്തന പരിധി. ഇവിടെനിന്നും കയർ ഭൂവസ്ത്ര ഓർഡറുകൾ സ്വീകരിക്കുകയും സമയബന്ധിതമായി വിതരണം നടത്തുകയും ചെയ്യുന്നു.<br>ആഭ്യന്തരവിപണിയിൽ കയർ ഉൽപ്പന്നങ്ങളുടെ വിപണനം വിജയകരമായി നടപ്പിലാക്കിവരുന്നു. ഓരോ വീട്ടിലും ഓരോ കയർ ഉൽപ്പന്നം എന്ന ഗവൺമെൻറിന്റെ പദ്ധതി പ്രകാരം ആഭ്യന്തര വിപണിയിൽ നല്ല മുന്നേറ്റങ്ങൾ സൃഷ്ടിച്ചുവരുന്നു. ആഭ്യന്തര വിപണിയിൽ കയർ ഉൽപ്പന്നങ്ങളുടെ വിപണനം മറ്റു സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപടികൾ എടുത്തുവരുന്നു.<br>കയർ മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾക്ക് വർഷത്തിൽ ചുരുങ്ങിയത് 200 ദിവസമെങ്കിലും തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ